"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കണ്ണൂർ മുൻസിപ്പാലിറ്റിയിലെ അനധികൃത നിർമ്മാണം -കണ്ണൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.വി.ആർ.രാജുവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1073/2026/LSGD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ 22.03.2014 ലെ പരിശോധനാ റിപ്പോർട്ട്
2. സ.ഉ(സാധാ)നം.1134/2014/തസ്വഭവ തീയതി 13.05.2014
3. സ.ഉ(സാധാ)നം.3265/2014/തസ്വഭവ തീയതി 10.12.2014
4. 18.12.2014 തീയതിയിലെ 28778/ഇയു1/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
5. 03.03.2020 ലെ 341/ഇയു1/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. നഗരകാര്യ ഡയറക്ടറുടെ 20.11.2020 ലെ വി2-1248/15 നമ്പർ കത്ത്.
7. സ.ഉ(സാധാ )നം.893/2021/തസ്വഭവ തീയതി 21.04.2021
8. കോഴിക്കോട് മേഖലാ ജോ.ഡയറക്ടറുടെ 08/12/2022 ലെ സി-1506/15 അർദ്ധ ഓദ്യോഗിക കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന 12. 04.2022 തീയതിയിലെ അന്വേഷണ റിപ്പോർട്ട്
9. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.08.2024 തീയതിയിലെ A1-1/28/2023-KPSC നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ വാർഡ് - 3, ബ്ലോക്ക് 2, ടി.എസ് നമ്പർ 277 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ.എ.പി ഹസ്സൻകുഞ്ഞി മാനേജിംഗ് പാർട്ട്ണർ, ഹൊറൈസൺ എന്റർപ്രൈസ്, പയ്യാമ്പലം, കണ്ണൂർ എന്നയാൾ നടത്തിയ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ചീഫ് ടൺ പ്ലാനർ (വിജിലൻസ്) 12.03.2014 ൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടം സന്ദർശിച്ചും കണ്ണൂർ മുനിസിപ്പാലിറ്റിയുടെ ഫയൽ പരിശോധിച്ചും സമർപ്പിച്ച പരാമർശം (1) ലെ പരിശോധനാറിപ്പോർട്ടിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു--

(i) ടി നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് കോടതി വിധികളും സർക്കാർ നിർദ്ദേശവും മുനിസിപ്പാലിറ്റിയുടെ ഫയലിൽ ഉള്ളത് ഒന്നും തന്നെ പരിഗണിക്കാതെ ടി പ്ലോട്ടുമായോ നിർമ്മാണവുമായോ യാതൊരു

ബന്ധവുമില്ലാത്ത കോടതി ഉത്തരവ് WP(C)No.29021/2010 തീയതി 03.11.2011 ചൂണ്ടിക്കാട്ടി 2.75 FAR ഉള്ളപ്പോൾ 3.95 FAR നൽകുന്നതിന് ഓവർസിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ ശിപാർശ ചെയ്യുകയും സെക്രട്ടറി പെർമിറ്റ് നൽകുകയും ചെയ്തിരിക്കുന്നു.

(ii) പെർമിറ്റ് നൽകുന്ന സമയത്ത് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് പ്രകാരം അനുവദിക്കാവുന്ന പരമാവധി ഉയരം 37.8 മീറ്ററാണ്. (G+11) എന്നാൽ പെർമിറ്റ് നൽകിയിരിക്കുന്നത് BF+GF+18

(iii) നിർമ്മാണവുമായി ബന്ധപ്പെട്ട് അപേക്ഷകൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അത് അപേക്ഷകന് അനുകൂലമാകാത്തതിനാൽ അപ്പീൽ നൽകുകയും ഡിവിഷൻ ബഞ്ച് നിരസിക്കുകയും ചെയ്തു. കോടതി ഉത്തരവ് മറികടന്നാണ് പെർമിറ്റ് നൽകിയത്.

(iv) പെർമിറ്റ് നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. DOS ൽ നിന്നും 22.06.2013 ൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് 26.06.2013 ൽ കക്ഷിക്ക് കത്തു നൽകിയെങ്കിലും നിർമ്മാണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

(v)റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റിന്റെ 5-ാം നിബന്ധന കാണിച്ചിരിക്കുന്ന ജഡ്ജ്മെന്റ് റഫറൻസ് തെറ്റിദ്ധരിപ്പിച്ച് കബളിപ്പിക്കുന്നു.

(vi) റഫറൻസിൽ കാണിച്ചിരിക്കുന്ന ഒന്നാം റഫറൻസ് പ്രകാരം FAR 2.75 ൽ ലിമിറ്റ് ചെയ്യേണ്ടതാണ്.

(vii) ടിയാന്റെ പേരിൽ കോടതിവിധി നിലനിൽക്കെ മറ്റൊരു കോടതിവിധി കാണിച്ച് കോർപ്പറേഷനെ തെറ്റിദ്ധരിപ്പിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുകയും ചെയ്തു.

2. അനധികൃത നിർമ്മാണത്തിന് 12.03.2012 ൽ റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചതിന് ഉത്തരവാദിയായ കണ്ണൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.വി. ആർ. രാജുവിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.പ്രദീപ് കുമാർ ആണെന്നും പെർമിറ്റ് ഫീസ് അടച്ച ഫയലായതിനാൽ ഫയൽ കണ്ടതായി രേഖപ്പെടുത്തുക മാത്രമാണ് ടിയാൻ ചെയ്തതെന്നും, ഈ വിഷയത്തിലെ ഹൈക്കോടതി ഉത്തരവുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ടിയാനിൽ നിന്നും മറച്ചു വെച്ചതായും, കെട്ടിട നിർമ്മാണ ചട്ടലംഘനം എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർണ്ണ ഉത്തരവാദി എക്സിക്യൂട്ടീവ് എഞ്ചിനീയറും ടിയാന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരാണെന്നും ആകയാൽ സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ശ്രീ.വി.ആർ.രാജു അപേക്ഷിച്ചതിനെ തുടർന്ന് 29.11.2014 തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടതിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിയിരുന്നു.

(i) ശ്രീ.വി.ആർ.രാജു നഗരസഭാ സെക്രട്ടറിയായി ജോലി ചെയ്തിരുന്നത് 29.12.2011 മുതൽ 15.04.2013 വരെയാണ്.

(ii) WP(C)No.2225/10(F)എന്ന കേസിന്റെ ജഡ്ജ്മെന്റിനെ സംബന്ധിച്ചും അതിനെതിരെ കെട്ടിടയുടമ സമർപ്പിച്ച അപ്പീൽ (WA No.2135/10) ജഡ്ജ്മെന്റും മുനിസിപ്പൽ എഞ്ചിനീയർമാരും ഓവർസിയറും മുനിസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.

(iii) കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം സ്ഥല പരിശോധന നടത്തി

റിപ്പോർട്ട് നൽകുന്ന ഉദ്യോഗസ്ഥനാണ് (27.06.2010 ലെ 36587/ആർ.എ1/2009 എന്ന നമ്പർ സർക്കുലർ പ്രകാരം).

4. മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ശ്രീ.വി.ആർ.രാജുവിനെ അച്ചടക്ക നടപടികൾക്ക് വിധേയമായി സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ പുന:പ്രവേശിപ്പിച്ച് കൊച്ചി നഗരസഭാ സെക്രട്ടറിയായി നിയമിച്ചിരുന്നു. അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

5. കുറ്റപത്രത്തിന് ശ്രീ.വി.ആർ.രാജു സമർപ്പിച്ച മറുപടിയിൽ താൻ നിരപരാധിയാണെന്നും പ്രസ്തുത കെട്ടിട നിർമ്മാണാനുമതി ഫയലിന്റെ കാര്യത്തിൽ ഓവർസിയറുടേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ശിപാർശയോടെ ഫീ ഈടാക്കുന്നതിന് കൂടി നിർദ്ദേശം രേഖപ്പെടുത്തിയ ഫയലിൽ കണ്ടു എന്ന് രേഖപ്പെടുത്തുക മാത്രമാണ് താൻ ചെയ്തതെന്നും പെർമിറ്റ് അപേക്ഷകനെതിരായ കോടതി വിധി പ്രസ്തുത സമയത്ത് ഫയലിൽ ഉണ്ടാവുകയോ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിരുന്നില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

6. 27.06.2010 തീയതിയിലെ 36587/ആർ.എ1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകേണ്ട ചുമതല കൃത്യമായും നഗരസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പെർമിറ്റ് നൽകിയിരിക്കുന്നത് BF+GF+18 നിലകളുള്ള കെട്ടിടത്തിനാണ്. ഇത്രയും നിലകളുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകുമ്പോൾ ആയത് ചട്ടപ്രകാരമാണോ എന്ന് പരിശോധിക്കേണ്ടത് ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ.വി.ആർ. രാജുവിന്റെ കർത്തവ്യമാണ്. ആയത് ഈ കേസിൽ പാലിച്ചതായി കാണുന്നില്ല.

7. BF+GF+18 നിലകളുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകിയതിൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി. ആർ.രാജുവിന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നതിനാൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി KSR Part III Rule3(a) പ്രകാരം തുടരുന്നതിനും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

8. കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുമ്പോഴുണ്ടാകുന്ന അപാകതയ്ക്ക് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്ന സാങ്കേതിക വിദഗ്ധർക്കാണ് പൂർണ്ണമായ ഉത്തരവാദിത്തമെന്നും, അവരുടെ റിപ്പോർട്ടിനെ വിശ്വസിച്ചാണ് സെക്രട്ടറിയെന്ന നിലയിൽ ടിയാൻ ഫയൽ ഒപ്പിട്ടതെന്നും ശ്രീ.വി.ആർ.രാജു വിശദീകരിച്ചിരിക്കുന്നു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന കാലത്ത് വളരെയേറെ കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായാണ് കേരളത്തിലെ ആദ്യത്തെ 100 സ്മാർട്ട് സിറ്റികളിലൊന്നാക്കാൻ കഴിഞ്ഞതെന്നും, അതു പോലെ കൊല്ലം കോർപ്പറേഷനിൽ സെക്രട്ടറിയായിരുന്ന കാലത്ത് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി 100% പ്ലാൻ ഫണ്ട് വിനിയോഗം നടത്തിയിട്ടുള്ളതാണെന്നും ബഹു.കേരള സർക്കാരിന്റെ പ്രശംസ നഗരസഭയ്ക്ക് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ളതുമാണെന്നും പ്രഥമ നഗരപാലിക അവാർഡ് കൊല്ലം കോർപ്പറേഷൻ ലഭിക്കുന്നതിനായി ടിയാൻ അക്ഷീണപരിശ്രമം നടത്തിയിട്ടുള്ളതുമാണെന്നും ആയതിനാൽ ടിയാന്റെ സേവന കാലയളവ് തൃപ്തികരമല്ലായെന്നുള്ള തീരുമാനം ഒഴിവാക്കണമെന്നും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം പിടിക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. ടിയാന്റെ മറുപടിയിൽ പരാമർശിക്കുന്ന

കാരണങ്ങൾ പൂർണ്ണമായി അംഗീകരിക്കത്തക്കതല്ലാത്തതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം(6) പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

9. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.വി.ആർ. രാജുവിന്റെ മറുപടിയുടെയും, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.വി.ആർ.രാജുവിനെതിരെയുള്ള അച്ചടക്ക നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടി വിഷയത്തിൻമേൽ (KCS&CCA Rules 1960, Rule 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിലേക്കായി പരാമർശം (7) പ്രകാരം കോഴിക്കോട് മേഖലാ ജോയിൻറ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു. കോഴിക്കോട് മേഖലാ ജോയിൻറ് ഡയറക്ടർ പരാമർശം (8) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

10. കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുമ്പോഴുണ്ടാകുന്ന അപാകതക്ക് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുന്ന സാങ്കേതിക വിദഗ്ധർക്കാണ് പൂർണ്ണമായ ഉത്തരവാദിത്തമെന്നും അവരുടെ റിപ്പോർട്ടിനെ വിശ്വസിച്ചാണ് സെക്രട്ടറിയെന്ന നിലയിൽ താൻ ഫയൽ ഒപ്പിട്ടത് എന്നും പ്രസ്തുത ഫയലിൽ ബിൽഡിംഗ് ഇൻസ്പെക്ടർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാർ ആനുകൂലമായി ശിപാർശ ചെയ്തിട്ടുള്ളതാണ് എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ടി ഫയലിൽ തീരുമാനം എടുത്തത് എന്നും ശ്രീ.വി.ആർ രാജു മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ അനുകൂല റിപ്പോർട്ട് ശരിയാണെന്നുള്ള ഉത്തമവിശ്വാസത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കൊടുത്ത നടപടിയിൽ പിശക് പറ്റിയിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തന്റെ പെൻഷനിൽ നിന്നും 500/- രൂപ പ്രതിമാസം കുറവ് ചെയ്യുന്നതിനുള്ള താൽകാലിക തീരുമാനം പുന:പരിശോധിച്ച് ആയത് ഒഴിവാക്കി കുറ്റവിമുക്തമാക്കണമെന്നും ശ്രീ.വി.ആർ.രാജു 25.03.2022-ൽ റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിട്ട് നൽകിയ മൊഴിയിലും ഇക്കാര്യം ആവർത്തിച്ചിട്ടുണ്ട്. സർവ്വീസിലിരിക്കെ 7 മാസക്കാലം സസ്പെൻഷനിലായിരുന്നതും പ്രൊമോഷൻ ലഭിക്കാതിരുന്നതും നാളിതുവരെ പെൻഷൻ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതും തന്നെ തനിക്ക് ഇതിനകം ലഭിച്ച മതിയായ ശിക്ഷയായി പരിഗണിക്കണമെന്നും പ്രതിമാസ പെൻഷൻ നിന്നും 500/- രൂപ വീതം കുറവ് ചെയ്താൽ വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ടും മനോവേദനയും ഉണ്ടാക്കുമെന്നും ടിയാൻ അറിയിച്ചിട്ടുള്ളതായും കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം സ്ഥലപരിശോധന നടത്തി ശിപാർശ ചെയ്യുന്ന ഉദ്യോഗസ്ഥനാണ് എന്ന് 27.06.2010-ലെ 36587/ആർഎ,/2009/ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ പരാമർശിത ഫയലിലും ബിൽഡിംഗ് ഇൻസ്പെക്ടറുടെ ശിപാർശ അംഗീകരിക്കാവുന്നതാണ് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയ ശേഷം ഫീസ് ഈടാക്കി സമർപ്പിക്കാൻ 12/3/2012 ന് ഫയൽ പരിശോധിച്ചതിൽ കണ്ടെത്താനായിട്ടുണ്ട്. മേൽ വസ്തുതകളിൽ നിന്നും ശ്രീ.വി.ആർ.രാജു ബോധിപ്പിച്ച പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ ശിപാർശ ചെയ്തതായുള്ള രാജുവിന്റെ വിശദീകരണം അംഗീകരിക്കാവുന്നതും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്ന തീരുമാനം പിൻവലിക്കണമെന്നുള്ള ശ്രീ.വി.ആർ. രാജുവിന്റെ അപേക്ഷ പരിഗണനാർഹമാണ് എന്നും അന്വേഷണോദ്യോഗസ്ഥൻ ശിപാർശ ചെയ്തിട്ടുണ്ട്.

11. ചട്ടലംഘനത്തോടുകൂടി പെർമിറ്റ് നൽകിയതിൽ ശ്രീ.വി.ആർ.രാജുവിനോടൊപ്പം ഉത്തരവാദികളാണെന്ന് സി.റ്റി.പി (വിജിലൻസ്) കണ്ടെത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(റിട്ടയേർഡ്), എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്) എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ഒരു വർഷത്തേക്ക് KSR Part III Rule3(a) പ്രകാരം കുറവു ചെയ്തു കൊണ്ട് ടി ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി 19.01.2019 ലെ സ.ഉ (സാധാ)നം.94/2019/തസ്വഭവ പ്രകാരം തീർപ്പാക്കുകയുണ്ടായി.

12. നഗരകാര്യ ഡയറക്ടറുടെ അഭിപ്രായത്തിന്റേയും സി.റ്റി.പി വിജിലൻസ് റിപ്പോർട്ടിന്റേയും ജോയിൻറ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും ശ്രീ വി.ആർ രാജു സമർപ്പിച്ച മറുപടിയുടേയും അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുകയും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.രാജുവിന് ഹൈക്കോടതി വിധിയെക്കുറിച്ചോ നിലവിലുള്ള കെട്ടിടനിർമ്മാണ നിയമങ്ങളെക്കുറിച്ചോ അറിയില്ലായിരുന്നുവെന്നുള്ളതും എൻജിനിയറിംഗ് സ്റ്റാഫ് ശിപാർശ ചെയ്തത് മാത്രമാണ് അദ്ദേഹം അംഗീകരിച്ചതെന്നും വിശ്വസിക്കാൻ പ്രയാസമാണ്. കൂടാതെ ശ്രീ.വി ആർ രാജു സമർപ്പിച്ച മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ലായെന്ന് നഗരകാര്യഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ രാജുവിനെ ഇക്കാര്യത്തിൽ നിരപരാധിയായി കണക്കാക്കാൻ സാധിക്കുകയില്ല. എന്നാൽ ചട്ടലംഘനത്തോട്ടുകൂടി പെർമിറ്റ് നൽകിയതിൽ ശ്രീ.വി.ആർ.രാജുവിനോടൊപ്പം ഉത്തരവാദികളാണെന്ന് സി.റ്റി.പി (വിജിലൻസ്) കണ്ടെത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്), എക്സിക്യൂട്ടിവ്എഞ്ചിനീയർ (റിട്ടയേർഡ്) എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ഒരു വർഷത്തേക്ക് KSR Part III Rule3(a)പ്രകാരംപ്രകാരം കുറവു ചെയ്ത കൊണ്ട് ടി ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി 19.01.2019 ലെ സ.ഉ (സാധാ) നം.94/2019/തസ്വഭവ പ്രകാരം തീർപ്പാക്കിയതിനാൽ ശ്രീ.രാജുവിന്റെ മറുപടിയിൽ സൂചിപ്പിച്ചിരിക്കും പ്രകാരം, പെൻഷനിൽ നിന്നും 500/- രൂപ 5 വർഷത്തേക്ക് കുറവു ചെയ്യണമെന്ന തീരുമാനം പുന:പരിശോധിക്കണമെന്ന മറുപടി കൂടി പരിഗണിച്ച് ടിയാന്റെ പെൻഷനിൽ നിന്നും 500/- രൂപ വീതം 1 വർഷത്തേക്ക് കുറവു ചെയ്യാമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന്മേൽ കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം അനിവാര്യമായതിനാൽ ഇക്കാര്യം കമ്മിഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കുവാൻ 26.05.2023-ലെ സർക്കാർ കത്ത് പ്രകാരം ആരാഞ്ഞതിൽ, ബഹു.കമ്മീഷൻ സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുകയും, പരാമർശം (9) പ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

13. മുൻ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങളുടെ വെളിച്ചത്തിൽ, കണ്ണൂർ മുൻസിപാലിറ്റിയിൽ KMBR ചട്ടങ്ങൾ മറി കടന്ന് ശ്രീ.എ.പി. ഹസൻകുഞ്ഞി എന്നയാൾക്ക് 18 നിലകളുള്ള റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനോടനുബന്ധിച്ച് ചട്ടലംഘനത്തോട്ടു കൂടി പെർമിറ്റ് നൽകിയത് ഗുരുതരമായി ക്രമക്കേടും, കൃത്യവിലോപവുമാണെന്ന് വ്യക്തമായതിനാൽ ശ്രീ.വി.ആർ രാജുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം ഒരു വർഷത്തേയ്ക്ക് KSR Part III Rule 3(a) പ്രകാരം കുറവ് ചെയ്ത് കൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഇതിനാൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),തൃശ്ശൂർ
ഡയറക്ടർ,കേരള സംസ്ഥന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.രാജു.വി.ആർ , മുൻ കണ്ണൂർ നഗരസഭാസെക്രട്ടറി (വേട്ടമല ഹൗസ്, കറുകച്ചാൽ പി.ഒ, കോട്ടയം-686 540)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 30-05-2026 10:18:53